1. 5 ആർ.എ.ടി.ടി.സി. (RATTC)-കളും 2 എഫ്.ടി.സി (FTC)-കളും ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് SAMETI

2. കേരള കാർഷിക സർവ്വകലാശാലയുടെ കേന്ദ്രങ്ങൾ കൂടാതെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ മുഖേനയും പരിശീലനങ്ങൾ നടത്തിവരുന്നു.

പഴം-പച്ചക്കറി വില നിയന്ത്രണം

3 (4391) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇവയുടെ വില വർദ്ധനവിന് കാരണമാകുന്ന ഇടനില വ്യാപാരികളുടെ ഇടപെടലുകൾ എന്താണെന്ന് വിശദമാക്കുമോ?

ബാധകമല്ല.

(സി) വില നിയന്ത്രിക്കുന്നതിനും ഇത്തരം സാധനങ്ങളുടെ ഏകീകൃത വില നിർണ്ണയം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയെക്കാൾ 10 ശതമാനത്തിലധികം വില നൽകി സംഭരിക്കുകയും പൊതു വിപണിയിലെ വിൽപ്പന വിലയിൽനിന്നും 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സംഭരണം ഏകോപിപ്പിക്കുന്നത്. ഓണം സമൃദ്ധി 2021 നടത്തുന്നതിലേയ്ക്കായി 19-7-2021-ലെ G.O.(Rt)602/2021/Agri. പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 മാർക്കറ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ഹോർട്ടികോർപ്പിന്റെ വില്പനശാലകളിലെ വില പൊതുവിപണിയിലെ വിലയേക്കാളും താഴ്ന്നിരിക്കണം എന്ന പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ വിപണി വില അധികമാകുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് നേരിട്ട് ഇടപെട്ട് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ സവാളയുടെ

LIBRARY ARCHIVES Kerala Legislative Assembly

വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് നേരിട്ട് സവാള ഉല്പാദനമേഖലകളിൽനിന്ന് സംഭരിക്കുകയും വിപണികൾ വഴി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയുടെ തളർച്ച

4 (4392) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷിക മേഖലയുടെ തളർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആഗോള സാമ്പത്തിക ക്രമത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടം, അന്താരാഷ്ട്ര കരാറുകളുടെ ഭാഗമായുള്ള ഇറക്കുമതി, കാലാവസ്ഥാ വ്യതിയാനം, 2017-18, 2018-19 കാലയളവിലുണ്ടായ വെള്ളപ്പൊക്കം, മറ്റുപ്രകൃതി ദുരന്തങ്ങൾ, കോവിഡ്-19, ലോക്ഡൗൺ ആരംഭിച്ചതിനുശേഷം മിക്ക കാർഷിക വിളകളുടെ ആഭ്യന്തര വിലയിലെ ഇടിവ് ലോക്ക്ഡൗണിന്റെ ഫലമായി തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ കാർഷിക മേഖലയ്ക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ബി) അവ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 വ്യാപനംമൂലവും മറ്റുകാരണങ്ങളാലും കാർഷിക മേഖലയെ സാരമായി ബാധിച്ച പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ മുവടെ ചേർക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി.

1. സർക്കാരിന്റെ ഫ്ലാഗ്ഷിപ് പദ്ധതിയായ സുഭിക്ഷകേരള പദ്ധതി പ്രകാരം 9070.09 ഹെക്ടർ തരിശുനിലത്ത് നെൽകൃഷിയും 4527.353 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷിയും 3381.069 ഹെക്ടർ തരിശുനിലത്ത് ഫലവർഗ്ഗ കൃഷിയും 4907.591 ഹെക്ടർ തരിശുനിലത്ത് കിഴങ്ങുവർഗ്ഗ കൃഷിയും 636.5881 ഹെക്ടർ തരിശുനിലത്ത് പയറുവർഗ്ഗ കൃഷിയും 325.045 ഹെക്ടർ തരിശുനിലത്ത് ചെറുധാന്യ കൃഷിയും നടത്തുകയുണ്ടായി.

2. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആടു വളർത്തൽ/പോഷകത്തോട്ടം/തേനീച്ചകൃഷി/കൂൺകൃഷി/പശുവളർത്തൽ/ മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗ്രാമം - സംയോജിത കൃഷി പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly